# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4234** **12.11.2019-ൽ മറുപടിക്ക്**

## സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ

**ചോദ്യം**

ശ്രീ. കെ.ജെ. മാക്സി

**മറുപടി**

ശ്രീ. എം.എം. മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് വൈദ്യുതിയുടെ ഗുണമേന്മയുടേയും വിശ്വാസ്യതയുടേയും നിലവിലെ സ്ഥിതി എന്താണ് എന്നും ആയത് മറ്റു സംസ്ഥാനങ്ങളിലേതുമായി താരതമ്യം ചെയ്യുമ്പോൾ കേരളം എത്രാം സ്ഥാനത്ത് എന്നതും വ്യക്തമാക്കുമോ;

(എ) നാഷണൽ പവർ പോർട്ടൽ (NPP) ഊർജ്ജ ആപ്പ് 2019 ജൂലൈ മാസത്തെ കണക്കുകൾ പ്രകാരം അന്തർ ദേശീയ തലത്തിൽ സംസ്ഥാനത്തിന്റെ സ്ഥിതി ചുവടെ ചേർത്തിരിക്കുന്നു.

| ഇനം | റാങ്ക് | തോത് |
|---|---|---|
| വൈദ്യുതി കണക്ഷൻ (Pending) | 2 | 0.8% |
| പ്രതിമാസ ശരാശരി വൈദ്യുതി തടസ്സം എണ്ണം | 4 | 4.1 പ്രാവശ്യം |
| പ്രതിമാസ ശരാശരി വൈദ്യുതി തടസ്സം ദൈർഘ്യം | 7 | 4.28 മണിക്കൂർ |
| ഉപഭോക്തൃ പരാതികൾ തീർപ്പാക്കൽ | 7 | 1.2% (Pending) |
| ഉപഭോക്താക്കളുടെ ഇ - പേയ്മെന്റ് | 12 | 21.3% |

(ബി) സംസ്ഥാനത്ത് പല സ്ഥലങ്ങളിലുമുള്ള വോൾട്ടതാ പ്രശ്നങ്ങളും നീണ്ടു നില്ക്കുന്ന വൈദ്യുതി തടസ്സങ്ങളും സമഗ്രമായ ആസൂത്രണത്തിന്റെ അഭാവവും ആസൂത്രണങ്ങളിലെ തുടർച്ചയില്ലായ്മയും സമയബന്ധിതമായ വിഭവലഭ്യതയില്ലായ്മയും മനുഷ്യ വിഭവശേഷിയുടെ അശാസ്ത്രീയ വിനിയോഗവും ഈ രംഗത്തെ പ്രധാന ന്യൂനതകളാണ് എന്നത് സർക്കാർ പരിശോധിച്ചുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കുന്നതോടൊപ്പം ഇവ പരിഹരിക്കാനായി എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ വോൾട്ടതാ പ്രശ്നങ്ങളും വൈദ്യുതി തടസ്സങ്ങളും പൂർണ്ണമായി പരിഹരിക്കുവാൻ സമഗ്രമായ ആസൂത്രണത്തിന്റെ അടിസ്ഥാനത്തിൽ ഊർജ്ജ കേരളാ മിഷൻ പദ്ധതികളിൽ ട്രാൻസ്ഗ്രിഡ്, ദ്യുതി എന്നീ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രസരണ ശൃംഖല ശക്തിപ്പെടുത്തുവാൻ KIIFB/PSDF ഫണ്ട് ഉപയോഗിച്ച് പതിനായിരം കോടി രൂപ മുതൽമുടക്കി രണ്ട് ഘട്ടങ്ങളായി നടപ്പാക്കുന്ന പദ്ധതിയാണ് 'ട്രാൻസ്ഗ്രിഡ്'. ആദ്യ ഘട്ടം 2017-22 കാലയളവിലും രണ്ടാം ഘട്ടം 2019-24 കാലയളവിലും പൂർത്തിയാക്കാൻ ആണ് ലക്ഷ്യമിട്ടിട്ടുള്ളത്. വിതരണ ശൃംഖല ശക്തിപ്പെടുത്തുവാൻ 4036.30 കോടി രൂപ മുതൽ മുടക്കി 'ദ്യുതി 2021' എന്ന പദ്ധതി ഇരുപത്തിയഞ്ച് സർക്കിളുകൾ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) വഴി നടപ്പാക്കി വരുന്നു. സാധന

സാമഗ്രികളുടെ ലഭ്യത ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. **2018-2022** കാലയളവിൽ പൂർത്തിയാക്കാനാണ് ഈ പദ്ധതികൾ ലക്ഷ്യം ഇട്ടിട്ടുള്ളത്.

(സി) സംസ്ഥാനത്ത് വൈദ്യുതരംഗത്ത് വോൾട്ടത, ആവൃത്തി, ഹാർമോണിക്സ്, ന്യൂട്രൽ വോൾട്ടത എന്നിവയുടെ തോത് എത്ര എന്നും ആയത് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നിഷ്കർഷിച്ചിട്ടുള്ളത് എത്ര എന്നും വ്യക്തമാക്കുമോ?

(സി) സംസ്ഥാനത്ത് വൈദ്യുതി ശൃംഖലയിൽ നിലവിലുള്ള വോൾട്ടേജ് 230/400 V, 11 kV, 22 kV, 33 kV, 66 kV, 110 kV, 220 kV, 400 kV എന്നിങ്ങനെയാണ്. ആവൃത്തി 50 Hertz ആകുന്നു. ഹാർമോണിക്സ്, ന്യൂട്രൽ വോൾട്ടേജ് എന്നിവ രേഖപ്പെടുത്തുന്നില്ല. സംസ്ഥാനത്ത് വോൾട്ടേജ് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നിഷ്കർഷിച്ചിരിക്കുന്ന തോതിനകത്തു നിർത്തുവാൻ സാധിക്കുന്നുണ്ട്. പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത് ഇത് നിലനിർത്തുവാൻ ലക്ഷ്യമിട്ടു കൊണ്ടാണ്. ഇതിൽ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നിഷ്കർഷിച്ചിരിക്കുന്ന തോത് 33 kV മുതൽ 400 kV വരെയാണ്. ഇവ ചുവടെ ചേർത്തിരിക്കുന്നു.

1. വോൾട്ടേജ്

| വോൾട്ടേജ് (kV) | പരമാവധി (kV) | കുറഞ്ഞത് (kV) |
|---|---|---|
| 400 | 420 | 380 |
| 220 | 245 | 198 |
| 110 | 121 | 99 |
| 66 | 72 | 60 |
| 33 | 36 | 30 |

2. ആവൃത്തി 49.2 മുതൽ 50.3 വരെ ആകുന്നു.

3. ഹാർമോണിക്സ്

| സിസ്റ്റം വോൾട്ടേജ് (kV) | Total Harmonic Distortion | Individual Harmonics of any particular frequency (%) |
|---|---|---|
| 400 | 2 | 1.5 |
| 220 | 2.5 | 2.0 |
| 33 to 132 | 5.0 | 3.0 |

4. വോൾട്ടേജ് അസന്തുലിതാവസ്ഥ: 33kV 132kV – 3%, 220kV – 2%, 400kV 765kV – 3%

സെക്ഷൻ ഓഫീസർ